DD2-425/16

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- എൽ.എ.സി. - എ.ഡി.എസ് 2016- 17- ശ്രീ. കെ.ഡി.പ്രസേനൻ, എം.എൽ.എ, ആലത്തൂർ നിയോജകമണ്ഡലം- ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1246/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി,19.04.2017**

================================================================================

പരാമർശം:
1. സ.ഉ (സാധാ)നം. 332/12/ധന. തീയതി 11-06-2012.
2. ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.യുടെ 25-10-16 ലെയും 04-03-17 ലെയും കത്തുകൾ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 15-03-17 ലെ ഡി.ബി.4-3362/ 17/ സി.ഇ./ ത.സ്വ.ഭ.വ നമ്പർ കത്ത്.

## ഉത്തരവ്

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന 3 പ്രവൃത്തികൾ നിയോജകമണ്ഡല ആസ്തിവികസന സ്കീമിൽ ഉൾപ്പെടുത്തി 65 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുവാൻ ഭരണാനുമതി നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ പരാമർശം (2) പ്രകാരം നിർദ്ദേശം സമർപ്പിച്ചു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം രൂപ ) |
|---|---|---|
| 1 | കുഴൽമന്ദം-കുറുക്കൻതൊടിക റോഡ് | 12 |
| 2 | കുഴൽമന്ദം-ഇരുപ്പക്കാട്-കോതോട് റോഡ് | 18 |
| 3 | കുഴൽമന്ദം-പുളിന്തൊടി കളത്തിൽ റോഡിലുള്ള തോടിനുകുറുകെ പാലവും അപ്രോച്ച് റോഡ് നിർമ്മാണവും | 35 |
| **ആകെ തുക** | | **65** |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ സർക്കാർ ഉത്തരവും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്നും ലംപ്സം ഇനത്തിൽ 3 പ്രവൃത്തികൾക്കും വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുത്തേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായും ആകേണ്ടതാണ് എന്നുമുള്ള നിബന്ധനയോടെ ആലത്തൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.യുടെ 2016-17-ലെ ആസ്തിവികസനപദ്ധതിയിൽ നിന്നും മേൽപറഞ്ഞ 3

പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 65 ലക്ഷം രൂപ ചെലവഴിക്കാൻ ഭരണാനുമതി അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രവൃത്തി നിർവ്വഹണചെലവ് '4515-00-800-96 പ്രോജക്ട്സ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ടി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

To

1. ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.(ആമുഖ കത്ത് സഹിതം)
2. ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
4. ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണം ,തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് എൻജിനിയർ,പാലക്കാട് ജില്ലാ പഞ്ചായത്ത്
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
8. ഡയറക്ടർ(ട്രഷറി),തിരുവനന്തപുരം.
9. സെക്രട്ടറി,കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്,പാലക്കാട്
10. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ